# ARCHDIOCESE OF VERAPOLY

☎ : 0091-484-2372892, 2380474
✉ : bishopantonyvalungal@gmail.com

യേശു പറഞ്ഞു: എൻറെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ. (യോഹന്നാൻ 14 : 27)

**വിഷയം : ലോകസമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥന സംഗമം**

ക്രിസ്തുവിൽ പ്രിയ ബഹു.വികാരി അച്ചാ / സഹവികാരി അച്ചാ...

ലോകം ഇന്ന് പലവിധ സംഘർഷങ്ങളിലൂടെയും യുദ്ധങ്ങളിലൂടെയും കടന്നു പോവുകയാണ്. മനുഷ്യഹൃദയങ്ങളിൽ സമാധാനത്തിന്റെ വെളിച്ചം ക്ഷയിക്കുന്ന ഈ സമയം നമുക്ക് ആശ്രയിക്കാവുന്ന ഏക ഉറവിടം, സമാധാനത്തിന്റെ രാജാവായ ദിവ്യകാരുണ്യ ഈശോയാണ്.

ലോകസമാധാനത്തിനായി, യുദ്ധങ്ങളും കലഹങ്ങളും അവസാനിക്കുവാനായി, നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും സമാധാനം നിറയുവാനായി ദിവ്യകാരുണ്യ സന്നിധിയിൽ നമുക്ക് പ്രാർത്ഥനയുടെ കരങ്ങൾ ഉയർത്താം. പ്രാർത്ഥനയിലൂടെ മനുഷ്യഹൃദയങ്ങൾ മാറ്റപ്പെടുകയും, വൈരാഗ്യങ്ങൾ സ്നേഹമായി മാറുകയും, വിഭജനങ്ങൾ ഐക്യമായി തീരുകയും ചെയ്യുമെന്ന വിശ്വാസത്തോടെ, ഈ വിശുദ്ധ പ്രാർത്ഥനയിൽ പങ്കുചേരുവാൻ എല്ലാ വൈദികരെയും അതിരൂപതാംഗങ്ങളെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

**2026 മാർച്ച് 29 ഓശാന ഞായറാഴ്ച ഉച്ചയ്ക്ക് 02.00 മുതൽ 04.30 വരെ, എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വച്ച് ലോകസമാധാനത്തിനായുള്ള ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുന്നു.**

നമ്മുടെ ചെറിയ പ്രാർത്ഥനകൾ പോലും ദൈവഹൃദയത്തെ സ്പർശിക്കുകയും, വലിയ മാറ്റങ്ങൾക്കും, ലോകം മുഴുവൻ ദൈവകരുണ ചൊരിയപ്പെടാൻ കാരണമാവുകയും ചെയ്യും. അതിനാൽ, അതിരൂപത കമ്മീഷൻ ഫോർ പ്രൊക്ലമേഷന്റെ നേതൃത്വത്തിൽ ഒരുക്കപ്പെടുന്ന ഈ പരിശുദ്ധമായ സംഗമത്തിൽ നിങ്ങളുടെ സാന്നിധ്യം ഞങ്ങൾ ഏറെ വിലമതിക്കുന്നു.

**മാർച്ച് 22, 29 ഞായറാഴ്ചകളിൽ ഇടവക അറിയിപ്പിൽ ഇക്കാര്യം വിശ്വാസസമൂഹത്തെ അറിയിക്കുകയും, പ്രാർത്ഥനയിൽ എത്തിച്ചേരാൻ ഓർമ്മിപ്പിക്കുകയും ചെയ്യുക.**

ദൈവത്തിന്റെ സമാധാനം നിങ്ങളെല്ലാവരുടെയും ഹൃദയങ്ങളിൽ നിറയട്ടെ എന്ന പ്രാർത്ഥനയോടെ...

ഈശോയിൽ സ്നേഹപൂർവ്വം,

+ Antony Valungal

✠ **ആന്റണി വാലുങ്കൽ**
സഹായമെത്രാൻ, വരാപ്പുഴ അതിരൂപത